"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി ജില്ല- നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് **'ആധുനിക മാർക്കറ്റ് സമുച്ചയം'** നിർമ്മിക്കുന്നതിനായി 5 കോടി രൂപ കേരള നഗര ഗ്രാമ വികസന കോർപ്പറേഷനിൽ (KURDFC) നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(കൈ) നം.157/2024/LSGD തീയതി,തിരുവനന്തപുരം, 08-11-2024

---

പരാമർശം:-

1. സ.ഉ(എം.എസ്) നം.147/2009/ത.സ്വ.ഭ.വ തീയതി 29/07/2009
2. 18.01.2023 തീയതിയിലെ കെ.യു.ആർ.ഡി.എഫ്.സി -യിൽ നിന്നുള്ള KURDFC/FP/539/2023 നമ്പർ സമ്മതപത്രം
3. നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ 12/01/2024 തീയതിയിലെ 41-ാം നമ്പർ തീരുമാനം
4. തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറുടെ 14.05.2024 ലെ LSGD/PD/15873/2024-REV 6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് പ്രവർത്തിച്ചിരുന്നതും ജീർണാവസ്ഥയിലുണ്ടായിരുന്നതുമായ കെട്ടിടങ്ങൾ പൊളിച്ച് നീക്കിയ സ്ഥാനത്ത് **'ആധുനിക മാർക്കറ്റ് സമുച്ചയം'** നിർമ്മിക്കുന്നതിനായി 5 കോടി രൂപ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പ എടുക്കുന്നതിന് പരാമർശം (3) പ്രകാരം പഞ്ചായത്ത് സമിതി തീരുമാനം എടുത്തതായും, പരാമർശം (2) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ അനുവദിക്കുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ടെന്നും, ഏതെങ്കിലും കാരണവശാൽ തിരിച്ചടവിൽ വീഴ്ചയുണ്ടായാൽ ഗ്രാമപഞ്ചായത്തിനു ലഭ്യമാകുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ആയത് സർക്കാർ തലത്തിൽ കുറവ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സിയിൽ അടയ്ക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് പൂർണ സമ്മതമാണെന്ന പരാമർശം (3) ഗ്രാമപഞ്ചായത്ത് സമിതി തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിലും നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന് ആധുനിക മാർക്കറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് 5 കോടി രൂപ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പ എടുക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ആവശ്യമായ രേഖകൾ സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് പ്രവർത്തിച്ചിരുന്നതും ജീർണാവസ്ഥയിലുണ്ടായിരുന്നതുമായ കെട്ടിടങ്ങൾ പൊളിച്ച് നീക്കിയ സ്ഥാനത്ത് **'ആധുനിക മാർക്കറ്റ് സമുച്ചയം'** നിർമ്മിക്കുന്നതിന് ഉടുമ്പൻചോല താലൂക്കിൽ കൽക്കുന്തൽ വില്ലേജിൽ സർവ്വേ നം. 145/2-5, 143/1-57 ഉൾപ്പെട്ട 0.45 ഹെക്ടർ ഭൂമിയും നിർമ്മിക്കുന്ന കെട്ടിടവും ജാമ്യമായി പരിഗണിച്ച് 9% പലിശ നിരക്കിൽ 13 വർഷം തിരിച്ചടവ് കാലയളവിൽ പഞ്ചായത്ത് തിരിച്ചടയ്ക്കേണ്ടതാണെന്നും, ഏതെങ്കിലും കാരണവശാൽ തിരിച്ചടവിൽ വീഴ്ചയുണ്ടായാൽ ഗ്രാമപഞ്ചായത്തിനു ലഭ്യമാകുന്ന തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ആയത് സർക്കാർ തലത്തിൽ കുറവ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സി യിൽ അടയ്ക്കുന്നതിന് നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന് പൂർണ സമ്മതമാണെന്ന പരാമർശം (3) ഗ്രാമപഞ്ചായത്ത് സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി **'ആധുനിക മാർക്കറ്റ് സമുച്ചയം'** നിർമ്മിക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 5 കോടി രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ (ഡി.ബി1/189/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by

Smitha. L

സെക്ഷൻ ഓഫീസർ

Date: 08-11-2024 13:02:06